"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം .ഡിസി1/95/2021/എൽഎസ്ജിഡി
തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24/05/2021

## സർക്കുലർ

വിഷയം:- കോവിഡ് 19 - പൾസ് ഓക്സിമീറ്ററുകളുടെ ഉപയോഗം ഉചിതമായ രീതിയിൽ ആക്കുന്നതിന് - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1) 01.05.2021-ലെ സ.ഉ.(സാധാ) 995/2021/ആകുവ നമ്പർ ഉത്തരവ്
2) 03.05.2021-ലെ സ.ഉ.(സാധാ) 944/2021/തസ്വഭവ നമ്പർ ഉത്തരവ്
3) 21.05.2021 ലെ കോവിഡ് വാർ റൂം പ്രതിദിന ഓൺലൈൻ മീറ്റിങ്ങിലെ ഏഴാം നമ്പർ തീരുമാനം.

*********************

സംസ്ഥാനത്ത് രണ്ടാം കോവിഡ് 19 വ്യാപനത്തോടനുബന്ധിച്ച് രോഗികളിൽ ഓക്സിജൻ കുറയുന്നത് വ്യാപകമാവുകയും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കിടയാക്കുകയും ചെയ്യതിനെ തുടർന്ന് പരാമർശം 1 പ്രകാരം സംസ്ഥാനത്ത് ഓക്സിജൻ വിതരണം സുഗമമാക്കുന്നതിനായി ഓക്സിജൻ വാർ റൂം രൂപീകരിച്ച് സർക്കാർ ഉത്തരവായി. തുടർന്ന് കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ഇപ്പോൾ ശരീരത്തിലെ ഓക്സിജൻ അളവ് പരിശോധിക്കുന്ന പൾസ് ഓക്സിമീറ്ററുകൾ ആവശ്യത്തിന് ലഭ്യമല്ലാത്ത സ്ഥിതിയാണ്. ഈ സാഹചര്യം മറികടക്കുന്നതിന് പൾസ് ഓക്സിമീറ്ററുകളുടെ ഉചിതമായ ഉപയോഗം ഉറപ്പുവരുത്തുവാൻ പരാമർശം 3 ലെ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, കോവിഡ് രണ്ടാം തരംഗത്തിൽ ഇതിനോടകം നെഗറ്റീവായവരിൽ നിന്ന്, അവർക്ക് ആവശ്യം വരുന്ന സമയത്ത് തിരികെ നൽകാം എന്ന വ്യവസ്ഥയിൽ, പൾസ് ഓക്സിമീറ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികൾ ശേഖരിച്ച് അതാത് കോവിഡ് പ്രതിരോധ സെന്ററുകൾക്ക് കൈമാറാവുന്നതാണ്. 'പൾസ് ഓക്സിമീറ്റർ ചലഞ്ച്' എന്ന പേരിൽ പൊതുസമൂഹത്തിനു സ്വീകാര്യമാക്കുവാൻ ഈ ഡ്രൈവിന്റെ പ്രചാരണത്തിനായി വിവര-പൊതുജന വകുപ്പിന്റെ/ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ സഹായം തേടാവുന്നതാണ്.

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Banikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്